SC 39A — അഗ്രഹാരക്ഷേത്രത്തിലേക്ക് വരുന്ന ഗംഗയുടെ കാലിൽവീണു കര യുന്ന റസിയ.തടയുന്ന വീട്ടുകാർ,റിപ്പോർട്ടർമാർ

SC 40A — ഗംഗയുടെ മുറി.മഴയിലേക്ക് നോക്കി റസിയയെ ഓർമ്മിക്കുന്ന ഗംഗ

**സീൻ 40**

രാത്രി

INT / EXT

**അഗ്രഹാരം**

**പടിപ്പുര**

റസിയ

**അബ്ദുക്ക**

**ജോൺ**

മരണത്തിന്റെ മണവുമായ് മഴ പെയ്തുകൊയേയിരുന്നു. മഴയ്ക്കപ്പുറം മരണം കാത്തു കഴിയുന്ന പ്രിയതമനെ റസിയ കു. ചുരുുകൂടി വേദനയുടെ കറുത്ത രൂപമായ് അവളിരുന്നു.അല്പം മാറി സിഗരറ്റു പുകച്ച് ജോൺ.അയാൾ ജീവിതത്തിലെ ഏറ്റവും വേദനയുള്ള രാത്രിയിൽ ജീവിക്കുകയാണ്.പടിപ്പുര യുടെ മറ്റൊരു മൂലയിൽ അബ്ദുക്ക, ഭാവിയില്ലാത്തവനെപ്പോലെ മുറിവേറ്റി രുന്നു.

**ജോൺ:** രാത്രി ഒരു പാടായി..... എത്ര നേരം നമ്മളിങ്ങ നെ ഇരിക്കും...?

കണ്ണീരോടെ –

**അബ്ദുക്ക:** അറിഞ്ഞൂട മോനേ.

റസിയ അതേ ഇരിപ്പാണ്.ഇപ്പോൾ അവൾ കരയുന്നു പോലുമില്ല. അടുത്തു ചെന്ന് റസിയയെ നോക്കി–

| | | | |
|---|---|---|---|
| | | **ജോൺ:** | റസിയാ ...പറയാൻ എനിക്കു വിഷമമു്. എന്നാലും... |
| | അബ്ദുക്കയെ നോക്കി– | | ഇപ്പോഴെങ്കിലും പുറപ്പെട്ടാലേ എനിക്കു ഫ്ളൈറ്റ് കിട്ടൂ....എയർപോർട്ടിൽ വൈഫും മക്കളും വെയ്റ്റ് ചെയ്യും |
| | റസിയ അനങ്ങിയില്ല.<br>അത് ശ്രദ്ധിച്ചിട്ട്,<br>ജോണിനോടായി– | **അബ്ദുക്ക:** | മോൻ പോയ്ക്കോ... |
| | | **ജോൺ:** | എന്നിട്ട്..? |
| | വേദനയൊതുക്കി– | **അബ്ദുക്ക:** | എന്നിട്ടെന്താ....അള്ള വിധിച്ചത് അനുഭവിക്ക്യാ... |
| | ജോൺ ആ വാക്കുകൾക്കു മുമ്പിൽ മൗനിയായി.പിന്നെ ആലോചിച്ച്, റസിയയോടായി | | |
| | | **ജോൺ:** | റസിയാ...ഇനി പറയാനൊന്നുമില്ല.ഈശ്വരന് അത്ഭുതങ്ങൾ കാണിക്കാൻ അധിക നേരം വേ. അങ്ങിനെ സംഭവിച്ചാൽ ഗംഗ ഒപ്പിട്ട കടലാസ് എന്റെ കയ്യിൽ എത്തിക്കാനുള്ള ഏർപ്പാടുകൾ ഞാൻ ചെയ്തോളാം...പോയ്ക്കോട്ടേ... |

ജോൺ
അബ്ദുക്കയ്ക്കരിലേക്ക് ചെന്നു.ആ
സാധു മനുഷ്യൻ ഇരിക്കുന്നിടത്തു
നിന്നും എഴുന്നേറ്റു.
അബ്ദുക്കയുടെ കൈപിടിച്ച്–

**ജോൺ**: അബ്ദുക്കാ....

നിസ്സഹായനായി അബ്ദുക്ക.
ജോൺ പതിയെ കാറിനു നേരെ നടന്നു.
നോക്കുന്ന റസിയ
അവൾക്കു മനസ്സിലായി,ഇനി
തന്റെ ജീവിതത്തിൽ അക്ബറില്ല.
ശരി–അത്ത് കോടതി തലവെട്ടി
ശിക്ഷ നടപ്പാക്കും.
അവൾ കരഞ്ഞില്ല..
ജോൺ കുരുവിളയുടെ കാർ
വിലപിച്ചു നീങ്ങി.
മഴ പെയ്തുകൊണ്ടേയിരുന്നു.

- CUT TO -